വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കാൻ ഇടയാക്കുമെന്നാണ് കരുതുന്നത്. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഏകദേശം 271 കോടി രൂപയും ഈ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം 30-7-2021 വരെ 94 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

**വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ**

29 (*329) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഏതെങ്കിലും നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 26-7-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡോ. കെ. സി. സണ്ണി, വൈസ്ചാൻസലർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ചെയർമാനായും, മുൻ നിയമ സെക്രട്ടറിയും നിയമപരിഷ്കാര കമ്മീഷൻ വൈസ്-ചെയർമാനുമായ ശ്രീ. കെ. ശശിധരൻ നായർ മെമ്പറായും ശ്രീ. റ്റി. നന്ദകുമാർ ഐ.എ.എസ്(റിട്ട.) മുൻ ഗവൺമെന്റ് സെക്രട്ടറി പ്രത്യേക ക്ഷണിതാവായും 3 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പ് സംബന്ധിച്ച് വിവിധ വ്യവസായ അസോസിയേഷനുകളുമായും മറ്റ് വ്യവസായ ഘടകങ്ങളുമായും കൂടിയാലോചനകൾ നടത്തി പ്രസക്തമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മ വിശകലനം നടത്തി 3 മാസത്തിനകം ശിപാർശ സമർപ്പിക്കുന്നതിന് പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly